"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പൊതുവിദ്യാഭ്യാസം - പാരിപ്പള്ളി അമൃത സംസ്കൃത ഹയർ സെക്കണ്ടറി സ്കൂളിലെ എച്ച്.എസ്.റ്റി ശ്രീമതി.വീണ എം.എസ്. ബഹു.കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)8281/2022-നമ്പേലുള്ള 24/05/2022-ലെ വിധിന്യായത്തിലെ നിർദ്ദേശം നടപ്പിൽ വരുത്തി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്

സ.ഉ.(സാധാ) നം.4490/2022/GEDN തീയതി,തിരുവനന്തപുരം, 03-08-2022

പരാമർശം:-
1. ശ്രീമതി.വീണ എം.എസ്.ന്റെ 26.02.2022-ലെ ഹർജി(എക്സിബിറ്റ് പി9)
2. ശ്രീമതി.വീണ എം.എസ്. ബഹു.കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)8281/2022-നമ്പേലുള്ള 24/05/2022-ലെ വിധിന്യായം
3. കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 07.07.2022-ലെ ബി6/1431/2022 നമ്പർ കത്ത്
4. കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടറുടെ 12.07.2022 ലെ ഡിഡിഇകെഎൽഎം/1304/2022-ബി3 നമ്പർ കത്ത്

ഉത്തരവ്

പാരിപ്പള്ളി അമൃത സംസ്കൃത ഹയർ സെക്കണ്ടറി സ്കൂളിലെ എച്ച്എസ്.റ്റി ശ്രീമതി.വീണ.എം.എസ്. ബഹു.കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)8281/2022-നമ്പേലുള്ള 24/05/2022-ലെ വിധിന്യായത്തിൽ ഹർജിക്കാരി ഫയൽ ചെയ്ത എക്സിബിറ്റ് പി9 റിവിഷൻ ഹർജി, ഹർജിക്കാരിയുടെ വാദം കേട്ട് തീർപ്പാക്കുന്നതിന് ഒന്നാം എതിർ കക്ഷിയായ പൊതുവിദ്യാഭ്യാസ സെക്രട്ടറിക്ക് നിർദ്ദേശം നല്കിയിരുന്നു. ആയതിൻ പ്രകാരം 13/07/2022-ൽ ബന്ധപ്പെട്ടവരെ ഉഗിൾ മീറ്റ് മുഖാന്തരം കേൾക്കുകയുണ്ടായി. ഹർജിക്കാരിയായ ശ്രീമതി.വീണ.എം എസ്. ന്റെ വാദം താഴെപ്പറയും പ്രകാരമാണ്.

"കൊല്ലം വിദ്യാഭ്യാസ ജില്ലയിൽപ്പെട്ട പാരിപ്പള്ളി അമൃത സംസ്കൃതം ഹയർ സെക്കണ്ടറി സ്കൂളിൽ 2005-2006 വർഷം ഉണ്ടായ ഒരു അധിക യു.പി.എസ്.റ്റി തസ്തികയിൽ 08.06.2005 മുതൽ യു.പി.എസ്.എ ആയി നിയമിക്കപ്പെടുകയും അധിക തസ്തിക അനുവദിച്ചിട്ടില്ലായെന്ന കാരണത്താൽ നിയമനം കൊല്ലം ഡി.ഇ.ഒ. യുടെ B6/6903/05-നമ്പർ കത്ത് പ്രകാരം നിരസിക്കുകയും ചെയ്തു. 17.08.2005-ലെ ജി.ഒ.(പി) നം.317/2005/പൊ.വി.വ. പ്രകാരം 2005-2006 വർഷം മുതൽ അധിക തസ്തികകൾ അനുവദിക്കുന്നതിന് നിരോധനം ഉണ്ടായതിനാലാണ് നിയമിക്കപ്പെട്ട അധിക യു.പി.എസ്.റ്റി തസ്തിക അനുവദിക്കാതിരുന്നത്.

സ്കൂളിലെ മിനി.എം.ആർ. എന്ന യു.പി.എസ്.എ യെ 05.06.2006 മുതൽ HSA(Maths) ആയി പ്രൊമോഷൻ നൽകി നിയമിച്ചതുമൂലം ഉണ്ടായ യു.പി.എസ്.എ തസ്തികയിലേക്ക് മാറ്റി നിയമിക്കുകയും, ടി നിയമനം കൊല്ലം ഡി.ഇ.ഒ.യുടെ 26.02.2007-ലെ B6/4670/2006-നമ്പർ ഉത്തരവു പ്രകാരം അംഗീകരിക്കുകയും ചെയ്തു. അപ്രകാരം 05.06.2006 മുതൽ യു.പി.എസ്.എ. ആയി തുടർന്നു വരവെ സുഗന്യ സുഗതൻ HSA(SS) അവധി എടുത്ത ഒഴിവിൽ 15.10.2007 മുതൽ 18.12.2007 വരെ HSA(SS) ആയി പ്രൊമോഷൻ നൽകി നിയമിച്ചു. ശ്രീമതി സുഗന്യ സുഗതൻ-ന്റെ HSA(SS) ആയിട്ടുള്ള നിയമനം അംഗീകരിച്ചിട്ടില്ലാതിരുന്നതിനാൽ, പ്രൊമോട്ട് ചെയ്ത് നിയമിച്ച ഒഴിവ് വ്യവസ്ഥാപിതമല്ലായെന്ന കാരണം പറഞ്ഞ് പ്രൊമോഷൻ 29.03.2008-ലെ B6/9384/07-നമ്പർ കത്ത് പ്രകാരം കൊല്ലം ഡി.ഇ.ഒ നിരസിച്ചു.

തുടർന്ന് 2008-2009 വർഷം ഉണ്ടായ ഒരു അധിക HSA (SS) തസ്തികയിൽ 02.06.2008 മുതൽ പ്രൊമോഷൻ നൽകി നിയമിച്ചു. എന്നാൽ അധിക തസ്തിക അനുവദിക്കുന്നതിനുള്ള നിരോധനം 2008-2009ൽ നിലനിന്നിരുന്നതിനാൽ അധിക തസ്തിക അനുവദിച്ചിരുന്നില്ല. തന്മൂലം ഒഴിവ് വ്യവസ്ഥാപിതമല്ല, സിനിയേഴ്സിന്റെ നിയമനം അംഗീകരിക്കാനുണ്ട് തുടങ്ങിയ കാരണങ്ങൾ ഉന്നയിച്ചു കൊണ്ട് 02.06.2008 മുതലുള്ള പ്രൊമോഷൻ 12.02.2009 ലെ B6/4541/2008-നമ്പർ കത്ത് പ്രകാരം നിരസിച്ചു.

2005-2006 മുതൽ 2009-2010 വരെ അധിക തസ്തികകൾ അനുവദിക്കുന്നതിനും നിയമനങ്ങൾ അംഗീകരിക്കുന്നതിനും 12.01.2010-ലെ ജി.ഒ (പി) 10/10/പൊ.വി.വ നമ്പർ സർക്കാർ ഉത്തരവുണ്ടായി. എന്നാൽ 2005-2006 മുതൽ 2009-2010 വരെ നടത്തിയിട്ടുള്ള അധിക തസ്തികകളിലെ നിയമനങ്ങൾക്ക് തത്തുല്യ എണ്ണം സംരക്ഷിതാധ്യാപകരെ 2010-11 വർഷം മുതൽ ഉണ്ടാകുന്ന ഒഴിവുകളിൽ നിയമിച്ചുകൊള്ളാമെന്ന് നോട്ടറി ഒപ്പിട്ട ബോണ്ട് മാനേജർമാർ സമർപ്പിക്കണമെന്ന വ്യവസ്ഥയോടെയാണ് അധിക തസ്തികയിലെ നിയമനങ്ങൾ അംഗീകരിച്ചു നൽകാൻ 12.01.2010-ലെ സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ചത്. പാരിപ്പള്ളി അമൃത സംസ്കൃതം ഹയർ സെക്കണ്ടറി സ്കൂൾ മാനേജർ അപ്രകാരമൊരു ബോണ്ട് നൽകാൻ തയ്യാറാകാത്തതിനാൽ ഹർജിക്കാരിയുടെ 08.06.2005 മുതലുള്ള യു.പി.എസ്.എ നിയമനവും, 2.06.2008 മുതലുള്ള എച്ച്.എസ്.എ (SS) നിയമനവും അംഗീകരിക്കപ്പെട്ടില്ല.

01.10.2011 ലെ ജി.ഒ(പി) 199/2011/പൊ.വി.വ പ്രകാരം സർക്കാർ അധ്യാപക പാക്കേജ് പ്രഖ്യാപിക്കുകയും, 2005-2006 മുതൽ 2009-2010 വരെ നിയമനാംഗീകാരമില്ലാതെ തുടരുന്ന അധ്യാപകരുടെ നിയമനം 01.06.2011 മുതൽ അംഗീകരിച്ചു നൽകാൻ ടി ഉത്തരവിലൂടെ നിർദ്ദേശിച്ചു. അതിൻ പ്രകാരം 02.06.2008 മുതൽ HSA(SS) ആയി പ്രൊമോഷൻ ലഭിച്ച ഹർജിക്കാരിയുടെ പ്രൊമോഷൻ 01.06.2011 മുതൽ അംഗീകരിച്ചു ലഭിക്കുകയും ചെയ്തു.

അംഗീകരിക്കപ്പെടാതെയുള്ള ഹർജിക്കാരിയുടെ നിയമനങ്ങൾ ചുവടെ പറയുന്നവയാണ്.

1. 08.06.2005 മുതൽ 04.06.2006 വരെ യു.പി.എസ്.റ്റി അധിക തസ്തികയിലെ നിയമനം

2. 15.10.2007 മുതൽ 18.12.2007 വരെയുള്ള HSA(SS) ആയിട്ടുള്ള പ്രൊമോഷൻ.

2005-2006 മുതൽ 2009-2010 വരെ അധിക തസ്തികകളിൽ നിയമിക്കപ്പെടുകയും മാനേജർമാർ ബോണ്ട് സമർപ്പിക്കാത്തതുമൂലം നിയമന തീയതി മുതൽ നിയമനം അംഗീകരിക്കാതിരുന്ന ധാരാളം അധ്യാപകർ ബഹു.കേരള ഹൈക്കോടതിയിൽ റിട്ട് പെറ്റീഷൻ ഫയൽ ചെയ്യുകയും മാനേജർമാർ ബോണ്ട് വച്ചതായി കണക്കാക്കി അധ്യാപകരുടെ നിയമന തീയതി മുതൽ നിയമനങ്ങൾ അംഗീകരിച്ചു നൽകാൻ കോടതി വിധി ഉണ്ടായിട്ടുള്ളതും, കോടതി വിധികളുടെ അടിസ്ഥാനത്തിൽ സർക്കാർ ഹിയറിംഗ് നടത്തി, ധാരാളം അധ്യാപകരുടെ നിയമനങ്ങൾ നിയമന തീയതി മുതൽ അംഗീകരിച്ചു കൊണ്ട് സർക്കാർ ഉത്തരവുകൾ ഉണ്ടായിട്ടുണ്ട്. ഹർജിക്കാരി ജോലി ചെയ്യുന്ന പാരിപ്പള്ളി അമൃത സംസ്കൃതം ഹയർ സെക്കണ്ടറി സ്കൂളിലെ ചില അധ്യാപകർ കോടതിയിൽ WP(C)No.19789/2020 ഫയൽ ചെയ്യുകയും അതിന്മേൽ 24.09.2020-ൽ ഉണ്ടായ വിധിയുടെ അടിസ്ഥാനത്തിൽ, 24.06.2021-ലെ സ.ഉ(സാധാ)നം.3124/2021/പൊ.വി.വ സർക്കാർ ഉത്തരവ് ഉണ്ടാവുകയും ചെയ്തിട്ടുണ്ട്. 24.06.2021-ലെ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾക്ക് അനുസരിച്ച് ടി അധ്യാപകരുടെ നിയമനങ്ങൾ നിയമന തീയതി മുതൽ അംഗീകരിച്ചുകൊണ്ട് കൊല്ലം ഡി ഇ ഒ 30.03.2022-ലെ ബി6/2359/2019-നമ്പർ നടപടി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

നിയമനം നിയമന തീയതി മുതൽ അംഗീകരിക്കാതിരിക്കുന്നതുമൂലം ഹർജിക്കാരിയേക്കാൾ ജൂനിയറായി സേവനമാരംഭിച്ച അദ്ധ്യാപകർ ഇപ്പോൾ സീനിയറായി മാറുന്നുവെന്നാണ് ബോധിപ്പിച്ചിരിക്കുന്നത്. 2022-2023 വർഷത്തെ തസ്തിക നിർണയം മൂലം എച്ച്.എസ്.റ്റി (എസ് എസ്) തസ്തിക കുറയാനിടയുണ്ട്. അങ്ങനെയായാൽ സീനിയറായ ഹർജിക്കാരി പുറത്തുപോവുകയും ജൂനിയറായ അദ്ധ്യാപകർ സ്കൂളിൽ നിലനിൽക്കുകയും ചെയ്യുന്ന സ്ഥിതി വിശേഷമുണ്ടാകും. സമാനമായ കേസുകളിൽ ഉണ്ടായ കോടതിവിധികളുടെയും സർക്കാർ ഉത്തരവുകളുടെയും വെളിച്ചത്തിൽ, പ്രത്യേകിച്ചു ഹർജിക്കാരിയുടെ സ്കൂളിലെ തന്നെ മുകൾ ഖണ്ഡികകളിൽ പരാമർശിച്ചിരിക്കുന്ന അധ്യാപകർക്ക് ലഭിച്ച അതേ ആനുകൂല്യം അനുവദിച്ച് 12.01.2010-ലെ ജി.ഒ (പി) 10/10/പൊ.വി.വ നമ്പർ ഉത്തരവിലെ നിർദ്ദേശ പ്രകാരം മാനേജർ ബോണ്ട് വച്ചതായി കണക്കാക്കി 08.06.2005 മുതലുള്ള യു.പിഎസ്.റ്റി. അധിക തസ്തികയിലെ നിയമനവും 02.06.2008 മുതലുള്ള എച്ച്.എസ്.റ്റി.(എസ്എസ്) അധിക തസ്തികയിലെ നിയമനവും അംഗീകരിച്ച് ഉത്തരവുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നുവെന്നതാണ് പറയുന്നത്.

06.06.2006 മുതൽ അധിക തസ്തികയിൽ HST(SS) ആയി ശ്രീമതി സുഗന്യ സുഗതന്റെ നിയമനം സർക്കാർ ഉത്തരവിന്റെ വെളിച്ചത്തിൽ കൊല്ലം ഡി. ഇ.ഒ അംഗീകരിച്ചു നൽകിയിട്ടുള്ളതിനാൽ (30.03.2022-ലെ B6/2359/2019-നമ്പർ നടപടി ഉത്തരവ്) ടിയാളുടെ അവധി ഒഴിവിൽ 15.10.2007 മുതൽ 18.12.2007 വരെയുള്ള ഹർജിക്കാരിയുടെ പ്രൊമോഷൻ അംഗീകരിക്കുന്നതിന് ഇപ്പോൾ ഒഴിവ് വ്യവസ്ഥാപിതമാണെന്നും അതിനാൽ ടി നിയമനവും അംഗീകരിക്കാവുന്നതാണ്.

മേൽ വിവരിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ അംഗീകരിക്കപ്പെടാതിരിക്കുന്ന ചുവടെ പറയുന്ന നിയമനങ്ങളാണ് അംഗീകരിച്ച് സീനിയോറിറ്റി പുനസ്ഥാപിച്ച് നൽകേണ്ടത്.

1. 08.06.2005 മുതൽ യു.പി.എസ്.എ. അധിക തസ്തികയിലെ നിയമനം (08.06.2005 മുതൽ

04.06.2006 വരെ)

2. 15.10.2007 മുതൽ 18.12.2007 വരെ റൂൾ 4 3 അവകാശി എന്ന നിലയിൽ HSA (SS) ആയിട്ടുള്ള പ്രൊമോഷൻ

3. 02.06.2008 മുതൽ HSA (SS) അധിക തസ്തികയിലെ പ്രൊമോഷൻ (റൂൾ 4 3 അവകാശി എന്ന നിലയിൽ)"

2) വിദ്യാഭ്യാസ ഓഫീസർമാർ ബോധിപ്പിച്ച വസ്തുതകൾ താഴെപ്പറയും പ്രകാരമാണ്.

"കൊല്ലം ജില്ലാ വിദ്യാഭ്യാസ ആഫീസിന്റെ പരിധിയിലുള്ള പാരിപ്പള്ളി അമൃത സംസ്കൃതം എച്ച്.എസ്.എസ് പുതുതായി അപ്ഗ്രേഡ് ചെയ്ത വിഭാഗത്തിൽ ഉൾപ്പെടുന്നതാണ്. ശ്രീമതി.വീണ.എം.എസ്.നെ യു.പിഎസ്.ടി. ആയി 08/06/2005 മുതൽ അധിക തസ്തികയിൽ മാനേജർ നിയമിച്ചു. എന്നാൽ വ്യവസ്ഥാപിത ഒഴിവ് ലഭ്യമല്ലാത്തതിനാൽ ടി നിയമനം നിരസിച്ചു തുടർന്ന് യു.പി.എസ്.ടി. ആയിരുന്ന ശ്രീമതി.മിനി എം.ആർ-ന് എച്ച്.എസ്.റ്റി (ഗണിതം) തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകിയ ഒഴിവിൽ 05/06/2006 മുതൽ യു.പി.എസ്.ടി ആയി നിയമിച്ചു. ടി നിയമനം കൊല്ലം ജില്ലാ വിദ്യാഭ്യാസ ആഫീസർ അംഗീകരിച്ച് നൽകി.

പാരിപ്പള്ളി അമൃത സംസ്കൃതം എച്ച്.എസ്.എസിലെ എച്ച്.എസ്.റ്റി (എസ് എസ്) ആയ ശ്രീമതി.സുഗന്യ സുഗതന്റെ 15/10/2007 മുതൽ 18/12/2007 വരെയുള്ള ശൂന്യവേതനാവധി ഒഴിവിൽ ശ്രീമതി.വീണ.എം.എസിനെ വ്യസ്ഥാപിത ഒഴിവ് ലഭ്യമല്ലാത്തതിനാലും, സീനിയർ നിയമനാർത്ഥികളുടെ നിയമനം അംഗീകരിച്ചിട്ടില്ലാത്തതിനാലും ടി നിയമനം നിരസിച്ച് നൽകി. ശ്രീമതി.വീണ.എം.എസിനെ 2008-2009 ലെ എച്ച്.എസ്.റ്റി (എസ്.എസ്) ന്റെ അധിക തസ്തികയിൽ 02/06/2008 മുതൽ നിയമിച്ചു. എന്നാൽ ജി.ഒ.(പി) 317/2005/പൊ.വി.വ തീയതി 17.08.2005 പ്രകാരം അധിക തസ്തികകൾ അനുവദിക്കുന്നതിന് ഗവൺമെന്റ് നിയന്ത്രണം ഏർപ്പെടുത്തി. എന്നാൽ 2006-2007 മുതൽ 2009-2010 വരെയുള്ള അദ്ധ്യയന വർഷങ്ങളിൽ എയ്ഡഡ് സ്കൂളുകളിലെ തസ്തിക നിർണ്ണയം പുന:പരിശോധിച്ച് അനുവദനീയ തസ്തികകൾ അനുവദിക്കാനും, ഇപ്രകാരമുള്ള അധിക തസ്തികകളിലെ നിയമനങ്ങൾ തൊട്ടടുത്ത വർഷം മുതൽ പ്രസ്തുത സ്കൂളുകളിൽ ഉണ്ടാകുന്ന പുതിയ ഒഴിവുകളിൽ തുല്യ എണ്ണം സംരക്ഷിതാദ്ധ്യാപകരെ നിയമിക്കാം എന്ന് സമ്മതിച്ചുകൊണ്ടുള്ള നോട്ടറി സാക്ഷ്യപ്പെടുത്തിയ സമ്മതപത്രം ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് സമർപ്പിക്കണമെന്ന വ്യവസ്ഥയിൽ നിയമനം അംഗീകരിച്ച് നൽകാൻ നിർദ്ദേശം നൽകുകയും 12/01/2010 ലെ സ.ഉ (പി) നം.10/10/പൊ.വി.വ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും എന്നാൽ ഈ ഉത്തരവിലെ വ്യവസ്ഥ മാനേജർ പാലിച്ച് ബോണ്ട് സമർപ്പിക്കാതിരുന്നതിനാൽ ടി നിയമനം ജില്ലാ വിദ്യാഭ്യാസ ആഫീസർ അംഗീകരിച്ചിരുന്നില്ല.

01/10/2011 ലെ സ.ഉ(പി) നം.199/11/പൊ.വി.വ പ്രകാരം അദ്ധ്യാപക പാക്കേജിൽ ഉൾപ്പെടുത്തി 25/10/2011 ലെ ജെ2/60930/2011/പൊ.വി.വ സർക്കാർ കത്തിലെ മാർഗനിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ ശ്രീമതി.വീണ എം.എസിന്റെ എച്ച്.എസ്.റ്റി(എസ്.എസ്) അദ്ധ്യാപികയായുള്ള അധികതസ്തികയിലെ സ്ഥാനക്കയറ്റ നിയമനം നിയമന തീയതി മുതൽ അംഗീകരിച്ച് നൽകി.

അദ്ധ്യാപക പാക്കേജിൽ ഉൾപ്പെട്ട് 01/06/2011 മുതൽ നിയമനാംഗീകാരം നൽകിയവരുടെ മുൻകാല സർവീസ് അംഗീകരിക്കുന്നതിന് പൊതുവായ സർക്കാർ ഉത്തരവ് നിലവിലില്ലാത്തതിനാലാണ് ശ്രീമതി.വീണ.എം.എസിന്റെ എച്ച്.എസ്.റ്റി(എസ്.എസ്) അധിക തസ്തികയിലെ നിയമനം നിയമന തീയതി മുതൽ (02/06/2008 മുതൽ) അംഗീകരിക്കപ്പെടാതിരുന്നതിന് കാരണമായി നിൽക്കുന്നത്.

05/06/2006 മുതൽ യു.പി.എസ്.റ്റി തസ്തികയിൽ നിയമന അംഗീകാരത്തോടെ തുടർന്ന് വന്നിരുന്ന ഹർജിക്കാരിയായ ശ്രീമതി.വീണ എം.എസ്,എച്ച്.എസ്.റ്റി (സോഷ്യൽ സയൻസ്) തസ്തികയിലെ നിയമനത്തിന് അർഹത നേടിയ ചട്ടം 43 അവകാശി ആയതിനാൽ 12/01/2010-ലെ ജി.ഒ.(പി).നം.10/10/പൊ.വി.വ സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള ബോണ്ട് വ്യവസ്ഥ ഹർജിക്കാരിയുടെ ചട്ടം 43 പ്രകാരമുള്ള പ്രൊമോഷൻ നിയമന സംഗതിയിൽ ബാധകമാകുന്നത് നിയമപരമല്ല എന്ന് വിലയിരുത്തുന്നു. 2008-2009, 2009-2010, 2010-2011 വർഷങ്ങളിലെ തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരം പാരിപ്പള്ളി അമൃത സംസ്കൃത ഹൈസ്കൂളിൽ, എച്ച്.എസ്.റ്റി (സോഷ്യൽ സയൻസ്) തസ്തികയിൽ വ്യവസ്ഥാപിതമായ ഒഴിവ് നിലവിലുണ്ടെങ്കിൽ, ചട്ടപ്രകാരമുള്ള സീനിയറായ അവകാശികൾക്ക് നിയമനം നൽകിയിട്ടുണ്ടെന്നുള്ള വസ്തുത ഉറപ്പ് വരുത്തിയ ശേഷം ചട്ടം 43 അവകാശിയായ ശ്രീമതി.വീണ.എം.എസ്.ന്റെ 02/06/2008 മുതലുള്ള സ്ഥാനക്കയറ്റം വഴിയുള്ള നിയമനം നിയമന തീയതി മുതൽ തന്നെ അംഗീകാരത്തിനായി പരിഗണിക്കാൻ കഴിയുന്നതാണെന്ന് ബോധിപ്പിക്കുന്നു."

3) ഹർജിക്കാരിയുടെയും വിദ്യാഭ്യാസ ഓഫീസർമാരുടെയും വാദങ്ങൾ, നിലവിലുള്ള ഉത്തരവുകൾ, കോടതിവിധികൾ എന്നിവ അടിസ്ഥാനമാക്കി ഈ കേസ് പരിശോധിച്ചു. ശ്രീമതി.വീണ.എം.എസ്.ന്റെ ചുവടെ പറയുന്ന നിയമനങ്ങളാണ് അംഗീകരിച്ച് നൽകേണ്ടത്.

1. 08.06.2005 മുതൽ യു.പി.എസ്.എ അധിക തസ്തികയിലെ നിയമനം (08.06.2005 മുതൽ 04.06.2006 വരെ)

2. 15.10.2007 മുതൽ 18.12.2007 വരെ റൂൾ 43 അവകാശി എന്ന നിലയിൽ HSA (SS) ആയിട്ടുള്ള പ്രൊമോഷൻ

3. 02.06.2008 മുതൽ HSA (SS) അധിക തസ്തികയിലെ പ്രൊമോഷൻ (റൂൾ 43 അവകാശി എന്ന നിലയിൽ)

4. പാരിപ്പള്ളി അമൃത സംസ്കൃതം ഹയർസെക്കണ്ടറി സ്കൂളിലെ ചില അധ്യാപകർ ഫയൽ ചെയ്ത WP(C)No.19789/2020 നമ്പർ 24.09.2020-ൽ ഉണ്ടായ വിധിയുടെ അടിസ്ഥാനത്തിൽ, 24.06.2021-ലെ സ.ഉ(സാധാ)നം.3124/2021/പൊ.വി.വ സർക്കാർ ഉത്തരവ് പ്രകാരവും അതേ സ്കൂളിലെ എച്ച്.എസ്.എ(എസ്.എസ്) അദ്ധ്യാപകരായ ശ്രീമതി.ജെനി മുതൽ 11 അദ്ധ്യാപകർ ഫയൽ ചെയ്ത WP(C)29852/2016 നമ്പർ റിട്ട് ഹർജിയിലെ 22.07.2021-ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ

സർക്കാർ പുറപ്പെടുവിച്ച 03.03.2022-ലെ സ.ഉ(സാ.ധാ) 1264/2022 നമ്പർ ഉത്തരവ് പ്രകാരവും ഹർജിക്കാരായ അദ്ധ്യാപകരുടെ നിയമനങ്ങൾ മാനേജർ ബോണ്ട് കൊടുത്തതായി പരിഗണിച്ച് മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിൽ നിയമന തീയതി മുതൽ അംഗീകാരം നൽകുന്നതിന് സർക്കാർ ഉത്തരവായിരുന്നു. ആയതിനാൽ അതേ സ്കൂളിലെ മറ്റ് അധ്യാപകരുടെ നിയമനവും അതേ വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ അംഗീകരിച്ചു നൽകാവുന്നതാണ്.

5. മേൽ സാഹചര്യത്തിൽ ശ്രീമതി.വീണ എം.എസ്. ന്റെ 08.06.2005 മുതൽ 04.06.2006 വരെയുള്ള യു.പി.എസ്.എ അധിക തസ്തികയിലെ നിയമനം മറ്റുവിധത്തിൽ ക്രമപ്രകാരമെങ്കിൽ അംഗീകരിക്കുന്നതിനും, അതിന്റെ അടിസ്ഥാനത്തിൽ, തുടർന്നുള്ള 15.10.2007 മുതൽ 18.12.2007 വരെയും, 02.06.2008 മുതലുമുള്ള HSA (SS) തസ്തികയിലെ പ്രൊമോഷൻ നിയമനവും അംഗീകരിക്കുന്നതിനുള്ള നിർദ്ദേശം കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നല്കി, അപ്രകാരം ഹർജിക്കാരി ഫയൽ ചെയ്ത എക്സിബിറ്റ് പി9 റിവിഷൻ ഹർജി തീർപ്പാക്കി പാരിപ്പള്ളി അമൃത സംസ്കൃത ഹയർ സെക്കണ്ടറി സ്കൂളിലെ എച്ച്.എസ്.റ്റി ശ്രീമതി.വീണ എം.എസ്. ബഹു.കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C) 8281/2022-നുമേലുള്ള 24/05/2022-ലെ വിധിന്യായത്തിലെ നിർദ്ദേശം നടപ്പിൽ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മീനാംബിക എം.ഐ
ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം(ആമുഖ കത്ത് സഹിതം)
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
വിദ്യാഭ്യാസ ഉപഡയറക്ടർ, കൊല്ലം
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, കൊല്ലം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
മാനേജർ, അമൃത സംസ്കൃത ഹയർ സെക്കണ്ടറി സ്കൂൾ, പാരിപ്പള്ളി
ശ്രീമതി.വീണ എം.എസ്., എച്ച്.എസ്.റ്റി., അമൃത സംസ്കൃത ഹയർ സെക്കണ്ടറി സ്കൂൾ, പാരിപ്പള്ളി
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signed by Shahna Kumari S L
Date: 04-08-2022 10:38:04
സെക്ഷൻ ഓഫീസർ